എം.എസ്.എ റസാഖ്

# ദാനധർമത്തിലൂടെ ആപത്തുകൾ തടയാം

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ : جَاءَ رَجُلٌ إِلَى النَّبِي صلى الله عليه وسلم فَقَالَ : يَا رَسُولَ اللَّهِ، أَيُّ الصَّدَقَةِ أَعْظَمُ أَجْرًا؟ قَالَ : أَنْ تَصَدَّقَ وَأَنْتَ صَحِيحٌ شَحِيحٌ، تَخْشَى الْفَقْرَ وَتَأْمَلُ الْغِنَى، وَلاَ تُمْهِلْ حَتَّى إِذَا بَلَغَتِ الْحُلْقُومَ، قُلْتَ لِفُلاَنٍ كَذَا، وَلِفُلاَنٍ كَذَا، وَقَدْ كَانَ لِفُلاَنٍ . (رواه البخاري)

**അബൂഹുറയ്റ(റ)യിൽനിന്ന്: ഒരാൾ നബിയുടെ അടുത്ത് വന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! ഏറ്റവും മഹത്തായ പ്രതിഫലമുള്ള ദാനമേത്?' നബി പറഞ്ഞു: 'നീ ആരോഗ്യവാനായിരിക്കെ, സമ്പത്ത് ചെലവഴിക്കാൻ മടിക്കുകയും ദാരിദ്ര്യം ഭയക്കുകയും സമ്പന്നത കൊതിച്ച് കാത്തിരിക്കുകയും ചെയ്യുമ്പോൾ ചെയ്യുന്ന ദാനം. ജീവൻ തൊണ്ടക്കുഴിയിൽ എത്തുവോളം നീ ദാനം പിന്തിക്കരുത്. അന്ന് – ജീവൻ തൊണ്ടക്കുഴിയിലെത്തുമ്പോൾ– നീ പറയും, എന്റെ സ്വത്ത് ഇന്നയിന്നയാളുകൾക്ക് ഞാൻ നൽകിയിരിക്കുന്നു. യഥാർഥത്തിൽ ആ ധനം മറ്റൊരാളുടേതായിക്കഴിഞ്ഞല്ലോ' (ബുഖാരി).**

പുണ്യകരമായ കർമമാണ് സ്വദഖ അഥവാ ദാനധർമം. ഒരു ധാന്യമണിയിൽനിന്ന് കതിരും കതിരിൽനിന്ന് അനേകമിരട്ടി ധാന്യമണികളും ഉൽപാദിപ്പിക്കപ്പെടുന്ന പോലെ വികസിക്കുന്നതാണ് ദൈവമാർഗത്തിലെ ധനവ്യയം എന്നാണ് ഖുർആൻ നൽകുന്ന ഉപമ. മനുഷ്യന് ധനത്തോട് ഏറെ ആർത്തിയും താൽപര്യവുമുണ്ടെന്നത് ഖുർആനും ഹദീസും അംഗീകരിക്കുന്ന ഒരു മനഃശാസ്ത്ര തത്ത്വമാണ്. ഏറ്റവും ഇഷ്ടപ്പെട്ടതെന്തോ അതിൽനിന്ന് ചെലവഴിക്കുകയാണ് പുണ്യം നേടാനുള്ള വഴി. മേൽകൊടുത്ത ഹദീസിൽ, ആരോഗ്യവാനായിരിക്കുകയും സമ്പത്ത് ചെലവഴിക്കാൻ മടിക്കുകയും ദാരിദ്ര്യം ഭയപ്പെടുകയും ഐശ്വര്യം മോഹിക്കുകയും ചെയ്തുകൊണ്ടിരിക്കെത്തന്നെ ചെയ്യുന്ന ദാനമാണ് മികച്ചതെന്ന് നബി (സ) പഠിപ്പിക്കുന്നു.

സമൃദ്ധമായി ധനം കൈവശം ഉള്ളപ്പോഴാണ് അത് ദാനം ചെയ്യേണ്ടത്. അതിന് ജീവിതത്തിന്റെ അന്ത്യം വരെ കാത്തിരിക്കരുത്. മരണത്തോടെ ധനം അനന്തരാവകാശികളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്. എന്നിരിക്കെ ജീവിതത്തിന്റെ അന്ത്യനിമിഷങ്ങളിലേക്ക് ദാനത്തെ നീട്ടിവെക്കുന്നത് ഫലം ചെയ്യില്ല.

ആരോഗ്യമുള്ളപ്പോഴാണ് ധനത്തിന് ആവശ്യക്കൂടുതലുണ്ടാവുക; അപ്പോഴാണ് ചെലവഴിക്കാൻ മടികാണിക്കുന്നതും. കാരണം ആ ധനം ഉപയോഗിച്ച് കൂടുതൽ സമ്പാദിക്കാനും സുഖസൗകര്യങ്ങൾ വർധിപ്പിക്കാനുമുള്ള ശ്രമത്തിലായിരിക്കും. പിശാച് അത്തരക്കാരെ ദൈവികമാർഗത്തിൽ ധനം ചെലവഴിക്കാതിരിക്കാൻ പ്രേരിപ്പിക്കും. ഈ ഹദീസ് വ്യാഖ്യാനിച്ചുകൊണ്ട് ഹാഫിസ് ഇബ്നു ഹജർ രേഖപ്പെടുത്തിയ ആശയമാണിത്. ആരോഗ്യമുള്ള അവസ്ഥയിൽ ഒരു ദിർഹം സ്വദഖ ചെയ്യുന്നതാണ് മരണസമയം ആയിരം ദിർഹം സ്വദഖ നൽകുന്നതിനേക്കാൾ ഉത്തമം എന്ന് നബി പറയുകയുണ്ടായി (അബൂദാവൂദ്). സ്വദഖ ഒട്ടും താമസിക്കാതെ നൽകുകയാണ് വേണ്ടത്. സ്വദഖ എന്ന പദത്തിന് സത്യസന്ധത, ആത്മാർഥത എന്നീ അർഥങ്ങളുണ്ട്. നന്മയുടെ മാർഗത്തിൽ ധനം നൽകുക വഴി വിശ്വാസത്തിന്റെയും പ്രവർത്തനത്തിന്റെയും സത്യസന്ധതയും ആത്മാർഥതയുമാണ് തെളിയിക്കുന്നത്. ദാനധർമം ചെയ്യൽ സത്യവിശ്വാസിയുടെ സത്യസന്ധതയുടെ സാക്ഷ്യമാണ്. ആ അർഥത്തിലാണ് ദാനധർമത്തിന് സ്വദഖ എന്ന പേര് നൽകിയിട്ടുള്ളത്.

സ്വദഖയുടെ ഇഹപര പ്രയോജനങ്ങൾ വിശദീകരിക്കുന്ന ധാരാളം ഹദീസുകളുണ്ട്. നബി(സ) അരുളി: ദാനം പ്രപഞ്ചനാഥന്റെ കോപത്തെ തണുപ്പിക്കുകയും ദുർമരണത്തെ തടയുകയും ചെയ്യുന്നു (തിർമിദി). ത്വബറാനി റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു ഹദീസിൽ ഇങ്ങനെയുണ്ട്: ''നൽകുന്ന ഉപകാരങ്ങൾ ദുഷ്പരിണാമങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നു. രഹസ്യദാനം ദൈവകോപത്തെ ശമിപ്പിക്കുന്നു.'' ആദ്യം സ്വർഗത്തിൽ പ്രവേശിക്കുന്നവർ ധർമിഷ്ഠരാണെന്നും അതേ ഹദീസ് തുടർന്ന് പറയുന്നു. നരകത്തിൽനിന്നത് സംരക്ഷണം നൽകുകയും ചെയ്യും. ''നിങ്ങളിൽ ആർക്കെങ്കിലും നരകത്തെ സൂക്ഷിക്കാൻ സാധിക്കുമെങ്കിൽ ഒരു കാര

യ്ക്ക കീറെങ്കിലും ധർമം ചെയ്യട്ടെ. അതും ലഭിച്ചില്ലെങ്കിൽ, ഒരു നല്ല വാക്കെങ്കിലും ധർമം ചെയ്യട്ടെ'' (മുസ്‌ലിം).

രോഗങ്ങൾക്ക് ശമനമുണ്ടാകാൻ ദാനധർമങ്ങൾ ചെയ്യുന്നത് സഹയകമാണെന്നും നബി പഠിപ്പിക്കുകയുണ്ടായി. ദാനധർമം തെറ്റുകൾ മായ്ച്ചുകളയും. ''ജലം തീയെ അണയ്ക്കുന്ന പോലെ സ്വദഖ തെറ്റുകളെ മായ്ച്ചുകളയുന്നതാണ്.'' ഇബ്നുൽ ഖയ്യിം (റ) പറയുന്നു: ''സ്വദഖ മുഖേന അല്ലാഹു ആപത്തിൽ നിന്നും ദുഷ്യങ്ങളിൽനിന്നും ദൈവദാസനെ തടയുന്നതാണ്'' (*അൽവാബിൽ*). നന്മയുടെ വാതായനങ്ങൾ തുറന്നുതരുന്നു സ്വദഖ. ഓരോരുത്തരുടെയും വിശ്വാസത്തിനും ദൈവസ്നേഹത്തിനും ഉള്ള ശക്തമായ തെളിവാണ് (ബുർഹാൻ) സ്വദഖ. ഖബ്ർ ശിക്ഷയിൽ ലഘൂകരണം ലഭിക്കാനും സ്വദഖ ഉപകാരപ്പെടുന്നതാണ്. സത്യവിശ്വാസി ഇഹലോകത്ത് ചെയ്തിട്ടുള്ള സ്വദഖ, പരലോകത്തെ വിചാരണയുടെ സമയത്ത് തണലായി ലഭിക്കുമെന്നും നബി (സ) പറയുകയുണ്ടായി.

നബി(സ)യുടെ സ്വഭാവത്തെക്കുറിച്ച് നബി തന്നെ പറയുന്നത്, എനിക്ക് ഉഹുദ് മലയോളം സ്വർണമുണ്ടായെങ്കിൽ മൂന്നാം രാവ് പിന്നിടുമ്പോൾ അതിൽനിന്ന് എന്റെ കടബാധ്യത തീർക്കാൻ വേണ്ടി മാറ്റിവെച്ചതൊഴികെ ഒരു ദീനാറെങ്കിലും എന്റെ പക്കൽ അവശേഷിക്കുന്നത് എന്നെ സന്തോഷിപ്പിക്കുകയില്ല എന്നാണ് (മുസ്‌ലിം).

ദാനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന ഇസ്‌ലാം പിശുക്കിനെ നിരുത്സാഹപ്പെടുത്തുന്നു. മനോഹരമായ ഒരു ഉദാഹരണത്തിലൂടെ നബി (സ) ഇത് വിശദീകരിക്കുന്നു: ''ദാനം ചെയ്യുന്നവന്റെയും പിശുക്കന്റെയും ഉപമ, മാറ് മുതൽ തോളെല്ല് വരെ മറയ്ക്കുന്ന ഇരുമ്പുകൊണ്ടുള്ള ജുബ്ബ ധരിച്ചവന്റേതാണ്. ദാനശീലൻ, ദാനം ചെയ്യുമ്പോഴെല്ലാം അവന്റെ കുപ്പായം വികസിക്കും, അങ്ങനെ കൈവിരലുകളുൾപ്പെടെ ശരീരമാകെ മൂടും, വസ്ത്രം അയഞ്ഞ് അവന്റെ കാൽപ്പാടുകളെ മറയ്ക്കുംവിധമാകും. എന്നാൽ, പിശുക്കൻ ദാനം ചെയ്യാൻ ഉദ്ദേശിക്കുമ്പോഴെല്ലാം വസ്ത്രം ഇടുങ്ങി അതിന്റെ കണ്ണികൾ വികസിക്കാതെ പറ്റിപ്പിടിക്കും. വസ്ത്രം വികസിപ്പിക്കാൻ അവൻ ശ്രമിക്കും. എന്നാലത് വികസിക്കുകയില്ല'' (ബുഖാരി).

ദാനം ചെയ്യുന്നവന്റെ മനസ്സ് വിശാലമാവുകയും അവൻ കൈയയച്ച് ചെലവഴിക്കുകയും ചെയ്യുന്നു. പിശുക്കനാകട്ടെ വികസിക്കാത്ത മനസ്സിന്റെ ഉടമയായിരിക്കും, കൈയയച്ച് നൽകാൻ അയാൾ വിമുഖനുമായിരിക്കും. ദാനം ചെയ്യുന്നത് ഉള്ളു തുറന്നും മനഃസംതൃപ്തിയോടെയും സന്തോഷത്തോടെയും ആയിരിക്കണം. ഉള്ളതിന്റെ വിഹിതം തുറന്ന മനസ്സോടെ ദാനം നൽകുമ്പോഴേ അത് ആസ്വദിക്കാനും സംതൃപ്തി അനുഭവിക്കാനും കഴിയൂ. നബി (സ) പറഞ്ഞു: ''തീർച്ചയായും ഈ ധനം പച്ചപിടിച്ചതും മധുരിക്കുന്നതുമാണ്. ആരെങ്കിലും മനഃസംതൃപ്തിയോടെ അതിനെ സമീപിക്കുകയാണെങ്കിൽ അവന് അതിൽ അനുഗ്രഹം ലഭിക്കുന്നതാണ്. ആർത്തിയോടെയാണ് അതിനെ സമീപിക്കുന്നതെങ്കിൽ അതിൽ അവന് അനുഗ്രഹം ലഭിക്കുന്നതല്ല. ഉണ്ടിട്ടും പശിയടങ്ങാത്തവനെപോലെയാണയാൾ'' (മുസ്‌ലിം). 'ആരെങ്കിലും തന്റെ പരിശുദ്ധ സമ്പാദ്യത്തിൽനിന്ന്- അല്ലാഹു പരിശുദ്ധമായതേ സ്വീകരിക്കൂ- ഒരു കാരയ്ക്കത്തൂക്കം ദാനം ചെയ്താൽ നിശ്ചയം അല്ലാഹു അത് വലംകൈകൊണ്ട് സ്വീകരിക്കും. പിന്നീടതിനെ അവൻ ദാതാവിനുവേണ്ടി വളർത്തും'' (ബുഖാരി). ദാനധർമം ചെയ്യുന്നവനുവേണ്ടി അല്ലാഹുവിന്റെ മലക്കുകൾ പ്രാർഥിക്കും: 'അല്ലാഹുവേ, നിന്റെ മാർഗത്തിൽ ചെലവഴിച്ചവന് നീ പകരം നൽകേണമേ.' അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ പിടിച്ചുവെക്കുന്നവന് നാശം വരുത്തണമെന്നും മലക്കുകൾ പ്രാർഥിക്കും.

സ്വദഖ നൽകുന്നതിലൂടെ ധനം കുറയുമെന്ന ധാരണ തിരുത്തി നബി (സ) പറഞ്ഞു: ''ദാനം ധനത്തെ കുറക്കുകയില്ല'' (മുസ്‌ലിം). ധർമം ചെയ്യുന്നതിലൂടെ ധനത്തിൽ വളർച്ചയുണ്ടാവുകയാണ് ചെയ്യുന്നത്. ധനം ചെലവഴിക്കുമ്പോഴാണ് വിപണിയും സാമ്പത്തിക രംഗവും സജീവമാവുക. അസ്മാ(റ)യെ നബി (സ) ഉപദേശിച്ചു: 'അസ്മാ, മറ്റാർക്കും നൽകാതെ നീ കെട്ടിപ്പൂട്ടിവെക്കരുത്. അങ്ങനെ ചെയ്താൽ അല്ലാഹുവും പൂട്ടിവെക്കും. മറ്റാർക്കും നൽകാതെ പണം ഭാണ്ഡത്തിലാക്കിവെക്കരുത്. അങ്ങനെ ചെയ്താൽ അല്ലാഹുവും അപ്രകാരം ചെയ്യുന്നതാണ്.'

ദാനധർമം ചെയ്യുന്നതിന് നിശ്ചിതമായ കാലയളവ് നിർണയിച്ചിട്ടില്ലെങ്കിൽ തന്നെയും, റമദാൻ മാസത്തിൽ നബി (സ) അടിച്ചുവീശുന്ന കാറ്റിനേക്കാൾ ഔദാര്യവാനായിരുന്നുവല്ലോ. നിർബന്ധ സകാത്തിനു പുറമെ ഐഛികമായ സ്വദഖ ചെയ്യൽ ഓരോ വിശ്വാസിയുടെയും പൊതുസ്വഭാവമായി മാറേണ്ടതുണ്ട്. ●